പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 622 13-10-2026-ൽ മറുപടിയ്ക്ക്

**<u>ഇ.എസ്.എ. കരട് വിജ്ഞാപനം</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | ശ്രീ. സണ്ണി ജോസഫ് |
| ശ്രീ. ആര്യാടൻ ഷൗക്കത്ത് | (വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ |
| ശ്രീ. എഫ്. രാജ | വകുപ്പ് മന്ത്രി) |

**(എ)** 2026 ജൂലൈ 27-ന് കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച പശ്ചിമഘട്ട ഇ.എസ്.എ. (ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയ) കരട് വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും ജനവാസ മേഖലകൾക്കും കൃഷിയിടങ്ങൾക്കും അനാവശ്യ നിയന്ത്രണങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുമായി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ള നിർദേശങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** 27.07.2026- പശ്ചിമഘട്ട ഇ.എസ്.എ കരട് വിജ്ഞാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും ജനവാസ മേഖലകൾ, കൃഷിയിടങ്ങൾ, തോട്ടങ്ങൾ എന്നിവയ്ക്ക് അനാവശ്യ നിയന്ത്രണങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനുമായി സംസ്ഥാന സർക്കാർ പരിഷ്കരിച്ച നിർദ്ദേശം കേന്ദ്ര സർക്കാരിന് 24.09.2026-ൽ സമർപ്പിച്ചിട്ടുണ്ട്. ഉപഗ്രഹ ചിത്രങ്ങളുടെ അടിസ്ഥാനത്തിലുള്ള ജിയോസ്പേഷ്യൽ ഇൻറപ്രട്ടേഷൻ, ഫീൽഡ് പരിശോധന, ജില്ലാ തല പരിശോധന, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിശോധന എന്നിവ പരിഗണിച്ചാണ് നിർദ്ദേശം തയ്യാറാക്കിയിട്ടുള്ളത്. ഇ.എസ്.എ നിയന്ത്രണങ്ങൾ നിർദ്ദേശിച്ചിട്ടുള്ള അതിർത്തിക്കുള്ളിൽ മാത്രമായി പരിമിതപ്പെടുത്തണമെന്നും വില്ലേജിന്റെ ഒരു ഭാഗം മാത്രം ഇ.എസ്.എ-യിൽ ഉൾപ്പെടുന്ന സാഹചര്യത്തിൽ മുഴുവൻ വില്ലേജിനും നിയന്ത്രണങ്ങൾ ബാധകമാക്കരുതെന്നും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്

**(ബി)** പ്രസ്തുത വിജ്ഞാപന പ്രകാരം കേരളത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രദേശത്തിന്റെ വിസ്തീർണ്ണം എത്രയാണ്; പുതിയ കരട് വിജ്ഞാപനവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ള ഭേദഗതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

**<u>മറുപടി:</u>** 27.07.2026-ലെ കരട് വിജ്ഞാപന പ്രകാരം കേരളത്തിലെ ഇ.എസ്.എ-യുടെ വിസ്തൃതി 131 വില്ലേജുകളിലായി 9993.7 ച.കി.മീ. ആണ്. സംസ്ഥാന സർക്കാർ 24.09.2026-ന് കേന്ദ്ര സർക്കാരിന് സമർപ്പിച്ച പരിഷ്കരിച്ച റിപ്പോർട്ട് പ്രകാരം 98 വില്ലേജുകളിലായി 8590.69 ച.കി.മീ പ്രദേശമാണ് ഇ.എസ്.എ-യായി ഉൾപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുള്ളത്. ജനവാസ മേഖലകൾ, കൃഷിയിടങ്ങൾ, തോട്ടങ്ങൾ എന്നിവ പൂർണമായും ഒഴിവാക്കണമെന്ന സംസ്ഥാന സർക്കാരിന്റെ വ്യക്തവും ശക്തവുമായ നിലപാട് കാര്യകാരണങ്ങളും സ്ഥിതി വിവരകണക്കുകളും സഹിതം യുക്തിഭദ്രമായും വിശദമായും

പരിഷ്കരിച്ച നിർദ്ദേശത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. ഇതിനായി നിയമസഭ ഐകകണ്ഠേന പാസ്സാക്കിയ പ്രമേയവും കേന്ദ്ര സർക്കാരിലേക്ക് അയക്കുന്നതു സംബന്ധിച്ച തുടർനടപടികളും സ്വീകരിക്കുന്നതാണ്.

**(സി)** കേരളത്തിലെ ഇ.എസ്.എ. പരിധിയിൽ ഉൾപ്പെടുന്ന വില്ലേജുകളുടെ എണ്ണം എത്രയാണ്; ഇ.എസ്.എ. പരിധിയിൽ ഉൾപ്പെട്ട ജനവാസ മേഖലകൾ, കൃഷിയിടങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**മറുപടി:** 27.07.2026-ലെ കരട് വിജ്ഞാപനത്തിൽ കേരളത്തിലെ 131 വില്ലേജുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ പരിഷ്കരിച്ച നിർദ്ദേശത്തിൽ 98 വില്ലേജുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വില്ലേജ് അടിസ്ഥാനത്തിലുള്ള ഭൂപടങ്ങൾ, ഭൂവിവരവ്യാഖ്യാനം (geo-spatial interpretation), ഫീൽഡ് പരിശോധന, ജില്ലാ തല പരിശോധന, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിശോധന എന്നിവയുടെ അടിസ്ഥാനത്തിലാണ് ഇ.എസ്.എ-യിൽ ഉൾപ്പെടുത്തേണ്ടതും ഒഴിവാക്കേണ്ടതുമായ പ്രദേശങ്ങൾ നിർണയിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ജനവാസ മേഖലകൾ, കൃഷിഭൂമികൾ, തോട്ടങ്ങൾ എന്നിവ പൂർണമായും പരിസ്ഥിതിലോല പ്രദേശത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന നിർദ്ദേശം സംസ്ഥാന സർക്കാർ 24.09.2026-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**